# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1063 13/12/2012-ലെ മറുപടിക്ക്

## യൂണിവേഴ്സിറ്റി നിയമനങ്ങളിലെ സംവരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എം. ഷാജി<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എൻ. ഷംസുദീൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) കേരള യൂണിവേഴ്സിറ്റി നിയമനങ്ങളിൽ സംവരണ തത്വം പാലിക്കേണ്ടതില്ലെന്ന തീരുമാനം കൈക്കൊള്ളാനിടയാക്കിയ സാഹചര്യമെന്തായിരുന്നു എന്ന് വിശദമാക്കുമോ; | എ) കേരള സർവ്വകലാശാല നിയമനങ്ങളിൽ സംവരണ തത്വം പാലിക്കേണ്ടതില്ല എന്ന തീരുമാനം കൈക്കൊണ്ടിട്ടില്ല. കേരള സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനങ്ങളെല്ലാം കേരള യൂണിവേഴ്സിറ്റി ആക്ട് 1974, കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 എന്നിവയും കെ.എസ് ആന്റ് എസ് .എസ്. ആർ-ന്റെ 14 മുതൽ 17 വരെയുള്ള റൂളുകളുമനുസരിച്ച് സംവരണ തത്വം പൂർണ്ണമായും പാലിച്ചുകൊണ്ടാണ് നടന്നിട്ടുള്ളത്. |
| ബി) സംസ്ഥാനത്ത് മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയിൽ ഇത്തരത്തിലുള്ള ഒരു നടപടി ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) മറ്റ് യൂണിവേഴ്സിറ്റികളിലും സംവരണ തത്വം പാലിച്ചാണ് നിയമനങ്ങൾ നടന്നിട്ടുള്ളത്. |

| | | |
|---|---|---|
| സി) | യൂണിവേഴ്സിറ്റികളിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ സംവരണം കൃത്യമായി പാലിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സംവരണ നിലവാരം പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | സി) പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം പരിശോധിക്കുന്നതിനായി ദേശീയ പട്ടിക ജാതി-പട്ടിക വർഗ്ഗ കമ്മീഷൻ 2006-ൽ കോഴിക്കോട് സർവ്വകലാശാല നിയമനത്തിലെ പ്രാതിനിധ്യം പരിശോധിച്ച് പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിന് സംവരണ പ്രകാരമുള്ളതിനേക്കാൾ കൂടുതൽ പ്രാതിനിധ്യം ലഭ്യമായിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. സർക്കാർ തലത്തിൽ സർവ്വകലാശാലയിലെ നിയമനങ്ങളിലെ സംവരണം സംബന്ധിച്ച് പരിശോധന നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ